## എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് ഇരുപത്തിരണ്ട്

Mon ➡ **ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം**

**(5)**

ബൈബിൾ ദൈവത്തിന്റെ വെളിപാടാണ്. ഈ വെളിപാടിലെ ഏതെങ്കിലും മുഖ്യവശം നമുക്കു മനസ്സിലാകണമെങ്കിൽ, ബൈബിളിൽ സ്ഥാപിച്ചിരിക്കുന്നതും വെളിപ്പെടുത്തിയിരിക്കുന്നതുമായ നിയന്ത്രക പ്രമാണങ്ങളെ നാം ശ്രദ്ധിക്കണം. കഴിഞ്ഞകാല നിത്യതയിൽ തന്റെ അധികാരത്തോടുകൂടെ സ്വയം ആവിഷ്കരിക്കുക എന്ന ഒരു ഉദ്ദേശ്യം, ഒരു പദ്ധതി ദൈവം തയ്യാറാക്കി എന്നതാണ് ബൈബിളിന്റെ മൊത്തത്തിലുള്ള നിയന്ത്രക പ്രമാണം. ഈ പദ്ധതി, ദൈവത്തിന്റെ നിത്യോദ്ദേശ്യം, ഉല്പത്തിയിലെ ആദ്യത്തെ രണ്ട് അധ്യായങ്ങളിലും വെളിപ്പാടിന്റെ അവസാനത്തെ രണ്ട് അധ്യായങ്ങളിലും വിശദമായി വെളിപ്പെടുത്തിയിരിക്കുന്നു. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ കേന്ദ്രം മനുഷ്യനാണെന്ന് ഉല്പത്തി 1-ലും 2-ലും നാം കാണുന്നു. ദൈവം ആകാശത്തെയും ഭൂമിയെയും മറ്റു ദശലക്ഷക്കണക്കിന് വസ്തുക്കളെയും സൃഷ്ടിച്ചുവെങ്കിലും, മനുഷ്യനാണ് കേന്ദ്രവിഷയം. ഭൂമിയിൽനിന്നും (ഉല്പ. 2:7), തന്റെ സ്വരൂപത്തിലും (ഉല്പ. 1:26), വളരെ വിശിഷ്ടമായ രീതിയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. തന്മൂലം, ഏക അസ്തിത്വമായ മനുഷ്യൻ രണ്ടു കാര്യങ്ങൾ വഹിക്കുന്നു: ഭൂമിയും ദൈവത്തിന്റെ സ്വരൂപവും. സത്തയിൽ മനുഷ്യൻ ഭൗമികനും, എന്നാൽ ആവിഷ്കാരത്തിൽ അവൻ ദിവ്യനും ആണ്. മനുഷ്യനെന്ന ഈ ഏക അസ്തിത്വത്തിൽ നാം അത്ഭുതകരമായ ഒരു തത്ത്വം കാണുന്നു - ഒരു ജീവി ഭൗമിക സത്തയും ദിവ്യ സ്വരൂപവും വഹിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ സ്വരൂപം ആവിഷ്കരിക്കുകയും തന്റെ ആധിപത്യത്തിലുള്ള അധികാരം പ്രയോഗിക്കുകയും ചെയ്തപ്പോൾ, ദൈവത്തിന് വിശ്രമം ഉണ്ടായിരുന്നു. മുമ്പത്തെ ദൂതുകളിൽ നാം കണ്ടതുപോലെ, ഇതാണ് ശബ്ബത്തിൻ വിശ്രമത്തിന്റെ സവിശേഷത. ഇതായിരുന്നു ബൈബിളിന്റെ തുടക്കത്തിലെ സ്ഥിതി.

നാം ബൈബിളിന്റെ അന്ത്യത്തിലേക്കു പോകുമ്പോൾ, നാം പരിണതി കാണുന്നു: പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും. പുതിയ യെരൂശലേം ഭൂമിയിലായിരിക്കും എന്നതുകൊണ്ട് പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും, ഭൂമി ആകാശത്തെക്കാൾ കൂടുതൽ ഉപകാരപ്പെടും. നാം വെളിപ്പാട് പുസ്തകം ശ്രദ്ധാപൂർവം വായിക്കുമെങ്കിൽ, പുതിയ യെരൂശലേം ഒരു ഭൗതിക കെട്ടിടമല്ല, മറിച്ച് കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരും യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളും പോലെയുള്ള ജീവനുള്ള വ്യക്തികളുടെ ജീവിക്കുന്ന ഒരു സംയോജനമാണെന്നു നാം കാണും (വെളി. 21:12, 14). പുതിയ യെരൂശലേമെന്ന നഗരം ദൈവത്തിന്റെ കാഴ്ച വഹിക്കുകയും പൂർണമായ രീതിയിൽ ദൈവത്തെ ആവിഷ്ക്കരിക്കുകയും ചെയ്യും. മാത്രമല്ല, ആ നഗരത്തിൽ ദൈവത്തിന്റെ സിംഹാസനം ഉണ്ടായിരിക്കുകയും ദൈവത്തിന്റെ അധികാരം അവിടെ പൂർണമായി പ്രയോഗിക്കപ്പെടുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ നിത്യരാജ്യം. അതുകൊണ്ട്, പുതിയ യെരൂശലേമിൽ ദൈവത്തിന് സമ്പൂർണ വിശ്രമം ഉണ്ടായിരിക്കുകയും തന്റെ നിത്യ ശബ്ബത്ത് നേടുകയും ചെയ്യും. ഈ കാര്യമാണ് മുഴുവൻ ബൈബിളിന്റെയും നിയന്ത്രക പ്രമാണം.

## XIX. പ്രപഞ്ചത്തിന്റെ മൂന്നു കാലഘട്ടങ്ങൾ

നാം ബൈബിളിനെ അറിയണമെങ്കിൽ, അതിനെക്കുറിച്ച് മൊത്തത്തിലുള്ള ഒരു വീക്ഷണം നമുക്കുണ്ടായിരിക്കണം. പ്രപഞ്ചം മൂന്നു കാലഘട്ടങ്ങൾ ചേർന്നതാണെന്ന് നിങ്ങൾക്കറിയാമോ? ആദ്യത്തെ കാലഘട്ടം ആദാമിനു മുമ്പുള്ള കാലഘട്ടമായിരുന്നു, ആദാമിനു മുമ്പുള്ള കാലഘട്ടം എന്ന് അതിനെ വിളിക്കുന്നു. ഉല്പത്തിയുടെ ജീവപഠനത്തിൽ നാം കണ്ടതുപോലെ, ആദാമിനെ സൃഷ്ടിക്കുന്നതിനുമുമ്പ് പ്രപഞ്ചം നിലവിലുണ്ടായിരുന്നു. ആദ്യത്തെ ആ കാലഘട്ടം എത്ര നീണ്ടതായിരുന്നുവെന്ന് ആർക്കും പറയുവാൻ കഴിയില്ല. പ്രപഞ്ചത്തിന്റെ രണ്ടാമത്തെ കാലഘട്ടം ഉല്പത്തി 1:2 മുതൽ വരാനിരിക്കുന്ന സഹസ്രാബ്ദത്തിന്റെ അവസാനം വരെ, ആദാമിനെ സൃഷ്ടിച്ച സമയം മുതൽ സഹസ്രാബ്ദത്തിന്റെ അവസാനം വരെ നീളുന്നു. ഈ കാലയളവ് വളരെ ഹ്രസ്വമാണ്, ഒരുപക്ഷേ ഏഴായിരം വർഷത്തിൽ കൂടുതലില്ല. ഇതു വളരെ നീണ്ട സമയമാണെന്നു നാം ചിന്തിക്കുമെങ്കിലും, ദൈവത്തിന്റെ ദൃഷ്ടിയിൽ ഏഴായിരം വർഷം ഏഴു ദിവസത്തിനു തുല്യമാണ്, കാരണം അവന് ആയിരം വർഷം ഒരു ദിവസംപോലെയാണ് (2 പത്രൊ. 3:8). ഈ രണ്ടാമത്തെ കാലഘട്ടത്തിനുശേഷം, പുതിയ യെരൂശലേമിനോടുകൂടെയുള്ള പുതിയ ആകാശവും പുതിയ ഭൂമിയും എന്ന പ്രപഞ്ചത്തിന്റെ മൂന്നാമത്തെ കാലഘട്ടം

ഉണ്ടായിരിക്കും. ആ കാലഘട്ടം നിത്യതയോളം നിലനിൽക്കും. ബൈബിളിനെ സമഗ്രമായി അറിയുന്നതിന് പ്രപഞ്ചത്തിന്റെ ഈ മൂന്നു കാലഘട്ടങ്ങളെ നാം മനസ്സിലാക്കണം.

പ്രപഞ്ചത്തിന്റെ ഒന്നാമത്തെ കാലഘട്ടം വീഴ്ചയുടെ കാലഘട്ടമായിരുന്നു. ദൈവം സൃഷ്ടിക്കുകയും സാത്താൻ നശിപ്പിക്കുകയും പ്രപഞ്ചത്തെ ന്യായംവിധിക്കുവാൻ ദൈവം കടന്നുവരുകയും ചെയ്തു. ഉല്പത്തി 1:2-ൽ നമുക്ക് ദൈവത്തിന്റെ പുനഃസൃഷ്ടിപ്പിന്റെ ആരംഭമുണ്ട്. കൃത്യമായി പറഞ്ഞാൽ, ഉല്പത്തിയിലെ വാക്യം 1 മാത്രമേ ദൈവത്തിന്റെ സൃഷ്ടിപ്പിനെ പരാമർശിക്കുന്നുള്ളൂ, വാക്യം 2 ദൈവത്തിന്റെ പുനഃസൃഷ്ടിയുടെ ആരംഭമാണ്. ദൈവത്തിന്റെ പുനഃസൃഷ്ടിപ്പിൽ കൂടുതൽ സൃഷ്ടിപ്പുണ്ടായിരുന്നു. ഉദാഹരണത്തിന്, മനുഷ്യൻ ഒരു പുനഃസൃഷ്ടിയല്ല, മറിച്ച് ഒരു സൃഷ്ടിയായിരുന്നു. ദൈവത്തിന്റെ പുനഃസൃഷ്ടിയുടെ സമയം മുതൽ തന്റെ ഉദ്ദേശ്യം മുഴുവനായി പൂർത്തീകരിക്കുന്നതുവരെ ഏകദേശം ഏഴായിരം വർഷത്തിന്റെ കാലഘട്ടമുണ്ടായിരിക്കും. ഈ കാലയളവിൽ ദൈവം തന്റെ നിത്യോദ്ദേശ്യം നിർവഹിക്കുന്നതിനാൽ, നമുക്കിതിനെ നിർവഹണത്തിന്റെ കാലഘട്ടം എന്നു വിളിക്കാം.

മനുഷ്യന്റെ സൃഷ്ടിപ്പോടുകൂടെയാണ് നിർവഹണത്തിന്റെ കാലഘട്ടം ആരംഭിച്ചത്. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയായിരുന്നു. മനുഷ്യന്റെ സൃഷ്ടിപ്പിനും നിലനിൽപ്പിനും വേണ്ടിയുള്ള അനുയോജ്യമായ ഒരു അവസ്ഥയിലേക്കു വീണുപോയ പ്രപഞ്ചത്തെ പ്രത്യുദ്ധരിക്കുക മാത്രമേ ദൈവത്തിന്റെ പുനഃസൃഷ്ടി ചെയ്യുന്നുള്ളൂ. കർത്താവിന്റെ മടങ്ങിവരവിനുശേഷം പഴയ ആകാശവും പഴയ ഭൂമിയും മറ്റൊരു ആയിരം വർഷത്തേക്ക് തുടരുന്നതുകൊണ്ട് കർത്താവായ യേശുവിന്റെ രണ്ടാം വരവ് നിർവഹണത്തിന്റെ കാലഘട്ടത്തെ അവസാനിപ്പിക്കുകയില്ല. ആ ആയിരമാണ്ട് നിർവഹണ കാലഘട്ടത്തിന്റെ തുടർച്ചയായിരിക്കും. കർത്താവിന്റെ രണ്ടാം വരവ് ദൈവോദ്ദേശ്യത്തിന്റെ നിർവഹണത്തിലുള്ള ഒരു പടികൂടിയാണ്. അതുകൊണ്ട് ദൈവോദ്ദേശ്യത്തിന്റെ നിർവഹണം മനുഷ്യന്റെ സൃഷ്ടിപ്പോടുകൂടെ ആരംഭിക്കുകയും, അത് പൂർത്തിയാക്കുന്നത് കർത്താവിന്റെ രണ്ടാം വരവിന്റെ സമയത്തല്ല, സഹസ്രാബ്ദത്തിന്റെ അവസാനമായിരിക്കുകയും ചെയ്യും.

നിർവഹണത്തിന്റെ കാലഘട്ടത്തിനുശേഷം, പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും വരും. അതായിരിക്കും നിത്യ ശബ്ബത്തിന്റെ കാലഘട്ടം, സമ്പൂർണ ശബ്ബത്തിന്റെ കാലം. ഭാവിയിലെ നിത്യ കാലഘട്ടം അവസാനമില്ലാത്ത ശബ്ബത്തായിരിക്കും. നമ്മുടെ പിതാവും, നമ്മുടെ രക്ഷിതാവും, വീണ്ടെടുക്കപ്പെട്ടവരായ എല്ലാവരും അവിടെ ഉണ്ടായിരിക്കും. ഇതാണ് നമ്മുടെ ദൈവകൽപിതം, നമ്മുടെ

ഭാവി. നമ്മുടെ ഭാവി നമ്മുടെ പിതാവും നമ്മുടെ രക്ഷിതാവും നാമെല്ലാവരും നിത്യതയോളം വിശ്രമിക്കുന്നിടമായ നിത്യ ശബ്ബത്താണ്.

## XX. ദൈവോദ്ദേശ്യത്തിന്റെ നിർവഹണം

ദൈവം തന്റെ ഉദ്ദേശ്യം എങ്ങനെ നിർവഹിക്കുന്നുവെന്ന് ഇനി നമുക്കു നോക്കാം. ഒന്നാമതായി, അവൻ മനുഷ്യനെ സൃഷ്ടിച്ചു. തന്റെ സ്വാഭാവിക ഘടനയിൽ, മനുഷ്യൻ ദൈവദ്ദേശ്യത്തിന്റെ യഥാർഥ നിറവേറലല്ല, ഒരു ഛായാചിത്രം, ഒരു പ്രതിരൂപം മാത്രമാണ്. എന്നാൽ ഈ ഛായാചിത്രത്തിൽപോലും ദൈവത്തിന്റെ സംതൃപ്തിയുടെ സവിശേഷതകൾ നമുക്കു കാണുവാൻ കഴിയും. പഴയനിയമം മുഖ്യമായും രണ്ടു കാര്യങ്ങൾ വെളിപ്പെടുത്തുന്നു: ദൈവം മനുഷ്യനെ സൃഷ്ടിച്ചതും ദൈവം മനുഷ്യനെ വിളിച്ചതും. ദൈവം ആദാമിനെ സൃഷ്ടിക്കുകയും അബ്രാഹാമിനെ വിളിക്കുകയും ചെയ്തു. യിസ്ഹാക്കും യാക്കോബും യാക്കോബിന്റെ എല്ലാ മക്കളും അടങ്ങുന്ന അബ്രാഹാം, സംഘാതമായി വിളിക്കപ്പെട്ട ഒരുവനായിരുന്നു. എല്ലാ യിസ്രായേൽമക്കളും അബ്രാഹാമിൽ വിളിക്കപ്പെട്ടിരുന്നു. അങ്ങനെ, അബ്രാഹാം ഒരിക്കൽകൂടി ദൈവത്തിന്റെ സംതൃപ്തിയുടെ മുന്നടയാളമായ ഒരു സംഘാത മനുഷ്യനായിരുന്നു. ഈ സംഘാത മനുഷ്യനിൽ നമുക്ക് ആദാമിലുള്ളതിനേക്കാൾ കൂടുതൽ കാണുവാൻ കഴിയും, കാരണം ആദാം ദൈവത്തിന്റെ സംതൃപ്തിയുടെ ഒരു ഛായാചിത്രമെന്ന നിലയിൽ ഏക മനുഷ്യൻ മാത്രമായിരുന്നു, അതേസമയം തന്റെ പിൻതലമുറക്കാരുൾപ്പെടെയുള്ള അബ്രാഹാം ദൈവത്തിന്റെ സംതൃപ്തിയുടെ പൂർണവും സംഘാതവുമായ ഒരു പ്രതിരൂപമായിരുന്നു. പഴയനിയമം ദൈവത്തിന്റെ സംതൃപ്തിയുടെ ഈ രണ്ടു മുന്നടയാളങ്ങൾ വെളിപ്പെടുത്തുന്നു, ഒന്ന് വ്യതിരിക്തവും മറ്റൊന്ന് സംഘാതവും. എങ്കിലും, തത്ത്വത്തിൽ രണ്ടും ഒന്നുതന്നെയാണ്, അത് ദൈവത്തിന്റെ സംതൃപ്തി എന്താണെന്ന് വെളിപ്പെടുത്തുന്നു. വേദപുസ്തകം മനസ്സിലാക്കണമെങ്കിൽ ഇങ്ങനെ ഒരു വിഗഹവീക്ഷണം ഉണ്ടായിരിക്കേണ്ടത് നമുക്ക് ആവശ്യമാണ്.

പഴയനിയമം നമുക്ക് മുന്നടയാളം കാണിച്ചുതരുമ്പോൾ പുതിയനിയമം യാഥാർഥ്യത്തെ വെളിപ്പെടുത്തുന്നു. ഭൂമിയായ, അഥവാ മണ്ണായ, മനുഷ്യരാശിയിലേക്ക് അവനെത്തന്നെ വിതെച്ച വിത്താകുവാൻ, ദൈവംതന്നെ ഒരു മനുഷ്യനാകുവാൻ വന്നു. മനുഷ്യരാശിയെ ഭൂമിയിൽനിന്നും നാം ഒരിക്കലും വേർപെടുത്തരുത്, കാരണം സത്തയിൽ അവ രണ്ടും ഒന്നാണ്. മനുഷ്യൻ ഭൂമിയിൽനിന്നു പുറത്തുവരുകയും ഭൂമിക്കുള്ളവനായിരിക്കുകയും ചെയ്യുന്നു എന്ന് ബൈബിൾ വ്യക്തമായി പറയുന്നു. യഥാർഥ ഭൂമിയായ മനുഷ്യവർഗത്തിലേക്കു അവനെത്തന്നെ

വിതെക്കുവാൻ ദൈവം വന്നു. ഈ ഒരു ഗോതമ്പുമണി മനുഷ്യവർഗമെന്ന ഭൂമിയിലേക്കു വീഴുകയും മരിക്കുകയും പുനരുത്ഥാനത്തിൽ സഭയെന്ന ഒരു അപ്പമായി ഒന്നിച്ചു ചേർന്ന നിരവധി മണികളെ ഉളവാക്കുകയും ചെയ്തു (യോഹ. 12:24; 1 കൊരി. 10:17). സഭയെന്ന ഈ അപ്പത്തിൽ, നമുക്ക് ദൈവത്തിന്റെ ആവിഷ്കാരവും ദൈവത്തിന്റെ ആധിപത്യവുമുണ്ട്. ഇവിടെ സഭയിലാണ് ദൈവരാജ്യമുള്ളത്, ഇവിടെ ദൈവത്തിന്റെ അധികാരം പ്രയോഗിക്കപ്പെടുകയും അവന്റെ സ്വരൂപം ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു. തന്മൂലം, സഭ നിർവ്യാജവും യഥാർഥവുമായ രീതിയിൽ ദൈവം തന്റെ ഉദ്ദേശ്യം നിർവഹിക്കുന്നതിന്റെ ഒന്നാം ഘട്ടത്തിലുള്ള ദൈവത്തിന്റെ ശബ്ബത്താണ്.

Tue ➡ എന്നാൽ മറ്റൊരു ഘട്ടത്തിന്റെ ആവശ്യം കൂടിയുണ്ട്. ഒന്നാം ഘട്ടം കർത്താവിന്റെ ഒന്നാം വരവോടുകൂടെയായിരുന്നു, രണ്ടാമത്തെ ഘട്ടം അവന്റെ രണ്ടാം വരവോടെ ആരംഭിക്കും. ശരിയായ രീതിയിൽ തന്റെ ഉദ്ദേശ്യം നിർവഹിക്കുന്നതിനായി കർത്താവ് രണ്ടു പ്രാവശ്യം വരണം. തന്റെ ഒന്നാം വരവിൽ, അവനെത്തന്നെ അവൻ മനുഷ്യവർഗത്തിലേക്കു വിതെച്ചു, തന്റെ രണ്ടാം വരവിൽ അവൻ തന്റെ ഒന്നാം വരവിൽ വിതെച്ചതിനെ കൊയ്യും. അവന്റെ ഒന്നാം വരവിൽ അവൻ ചിലതു നിർവഹിച്ചു — സഭ ഉളവാക്കപ്പെടുകയും ശബ്ബത്തുണ്ടാകുകയും ചെയ്തു — എന്നാൽ ഇത് അവന്റെ ഉദ്ദേശ്യത്തിന്റെ പൂർണമായ പൂർത്തീകരണമല്ല. അവന്റെ രണ്ടാമത്തെ വരവ് പൂർണമായ ശബ്ബത്തു കൊണ്ടുവന്നുകൊണ്ട് കൂടുതൽ കാര്യങ്ങൾ നിർവഹിക്കും. അവന്റെ ഒന്നാം വരവ് ഒന്നാമത്തെ യഥാർഥ ശബ്ബത്തു കൊണ്ടുവന്നു, എന്നാൽ ദൈവോദ്ദേശ്യത്തിന്റെ നിർവഹണം ഇതുവരെ പൂർത്തിയായിട്ടില്ലാത്തതുകൊണ്ട് ഈ ശബ്ബത്ത് പൂർണ ശബ്ബത്തല്ല. അങ്ങനെ, ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ നിർവഹണം പൂർത്തിയാക്കേണ്ടതിന് അവന് പിന്നെയും വരേണ്ട ആവശ്യമുണ്ട്. ഇത് അർഥമാക്കുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിനുമുമ്പ് ദൈവത്തിന്റെ നിത്യോദ്ദേശ്യം ഒരിക്കലും നിവർത്തിക്കുവാൻ കഴിയുകയില്ല എന്നാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, സഹസ്രാബ്ദത്തെക്കൂടാതെ ദൈവത്തിന്റെ നിത്യോദ്ദേശ്യം പൂർണമായി പൂർത്തീകരിക്കുവാൻ കഴിയുകയില്ല.

സഹസ്രാബ്ദം ദൈവത്തിന്റെ നിത്യോദ്ദേശ്യം നിർവഹിക്കുന്നതിന്റെ അവസാനത്തേതും ഏറ്റവും നിർണായകവുമായ ഭാഗമായിരിക്കും. ഈ കാര്യം ഞാൻ ശക്തമായി ഊന്നിപ്പറയേണ്ട ആവശ്യമുണ്ട്, കാരണം കർത്താവായ യേശു മടങ്ങിവരുമ്പോൾ സകലതും പൂർത്തിയാക്കപ്പെടും എന്ന ആശയമാണ് നൂറ്റാണ്ടുകളായി മിക്ക ക്രിസ്തീയ ഉപദേഷ്ടാക്കന്മാരും പിടിച്ചിരിക്കുന്നത്. ആ ആശയമനുസരിച്ച്, കർത്താവിന്റെ

മടങ്ങിവരവ് പ്രത്യക്ഷമായി അർഥമാക്കുന്നത് പഴയ പ്രപഞ്ചത്തിന്റെ അവസാനവും പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ആരംഭവും ആകുന്നു. കർത്താവായ യേശു മടങ്ങിവരുമ്പോൾ, സഹസ്രാബ്ദം എന്ന മനോഹരമായ സമയം ആരംഭിക്കും. സഹസ്രാബ്ദം എത്ര മനോഹരമായിരുന്നാലും, ആ സമയത്ത് പഴയ ആകാശവും പഴയ ഭൂമിയും അപ്പോഴും നിലവിലുണ്ടായിരിക്കും. ഏറിയാൽ, സഹസ്രാബ്ദം പുനഃസ്ഥാപനത്തിന്റെ ഒരു സമയമായിരിക്കും (പ്രവൃ. 3:21, യവനഭാഷ). സഹസ്രാബ്ദത്തിന്റെ കാലഘട്ടത്തിൽ ആകാശവും ഭൂമിയും പുനഃസ്ഥാപിക്കപ്പെടുമെങ്കിലും, അവ പഴയതിൽനിന്ന് പുതിയതിലേക്ക് മാറ്റപ്പെടുകയില്ല. പഴയ ആകാശത്തെയും ഭൂമിയെയും പുതിയ ആകാശമായും ഭൂമിയായും മാറ്റേണ്ടതിന് ഇനിയും ആയിരം വർഷം ആവശ്യമായിരിക്കും. ആദാമിനെ സൃഷ്ടിച്ചതു മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവു വരെയുള്ള ഏകദേശം ആറായിരം വർഷം പ്രപഞ്ചത്തിന്റെ പുനഃസ്ഥാപനത്തിൽ പരിണമിക്കുമെങ്കിലും, അത് പ്രപഞ്ചത്തിന്റെ പുതുക്കലിൽ പരിണമിക്കുകയില്ല. അതിന് മറ്റൊരു ആയിരം വർഷം ആവശ്യമാണ്. അവസാനത്തെ ആയിരം വർഷം കടന്നുപോയതിനുശേഷം, മുഴുവൻ പ്രപഞ്ചവും പഴയതിൽനിന്ന് പുതിയതിലേക്ക് മാറ്റപ്പെടും. അപ്പോൾ പുതിയ യെരൂശലേമിനോടുകൂടെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടായിരിക്കും.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ സമയത്ത് എല്ലാം ശരിയാകും എന്ന ആശയം നിങ്ങൾ ഇപ്പോഴും മുറുകെ പിടിക്കുന്നുണ്ടോ? ആ സമയത്ത് എല്ലാം ശരിയായിരിക്കുകയില്ല. സാത്താനെ ബന്ധിക്കുമെങ്കിലും, സഹസ്രാബ്ദത്തിന്റെ സമയത്ത് അവനോട് പൂർണമായി ഇടപെട്ടിട്ടുണ്ടാവില്ല. സഹസ്രാബ്ദത്തിന്റെ അവസാനത്തിൽ, അവനെ തടവറയിൽനിന്നും അഴിച്ചുവിടുകയും, ജാതികളെ വഞ്ചിക്കുകയും കർത്താവിനെതിരായി യുദ്ധത്തിന് അവരെ നയിക്കുകയും ചെയ്യും (വെളി. 20:7-9). സഹസ്രാബ്ദത്തിനുശേഷം, സാത്താൻ അപ്പോഴും ദൈവത്തിനെതിരെ പ്രവർത്തിക്കും. കൂടാതെ, സഹസ്രാബ്ദകാലത്ത് മനുഷ്യപ്രകൃതത്തിലുള്ള തിന്മയോട് പൂർണമായി ഇടപെട്ടിട്ടുണ്ടാവില്ല. സകലജാതികളും കീഴ്പെട്ടിരിക്കുമെങ്കിലും, മനുഷ്യനിലുള്ള മത്സരത്തിന്റെ മൂലകം അപ്പോഴും ഉണ്ടായിരിക്കും എന്നു തെളിയിച്ചുകൊണ്ട്, ആ സമയത്തിന്റെ അന്ത്യത്തിൽ ഗോഗും മാഗോഗും ഒരിക്കൽക്കൂടി മത്സരിക്കും. മൂന്നാമതായി, അവസാനത്തെ ശത്രുവായ മരണത്തെ (1 കൊരി. 15:26) ക്രിസ്തുവിന്റെ രണ്ടാം വരവിലല്ല, സഹസ്രാബ്ദത്തിന്റെ അവസാനത്തിലായിരിക്കും തീപ്പൊയ്കയിലേക്കു തള്ളിക്കളയുന്നത് (വെളി. 20:14). അങ്ങനെ, സാത്താൻ, മനുഷ്യന്റെ മത്സരസ്വഭാവം,

മരണം എന്നീ മൂന്നു തിന്മയായ കാര്യങ്ങൾ സഹസ്രാബ്ദത്തിന്റെ അവസാനകാലത്തുപോലും നിലൽക്കും. ഇതായിരിക്കും സ്ഥിതി എങ്കിൽ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടെ എല്ലാം ശരിയാകുമെന്ന് നമുക്കെങ്ങനെ പറയുവാൻ കഴിയും? ദൈവത്തിന്റെ നിത്യമായ പ്രപഞ്ചത്തിൽനിന്നും ഈ മൂന്നു തിന്മകളെ ഉന്മൂലനം ചെയ്യുന്നതിനായി കർത്താവിന് ഇനിയും കുറച്ചു സമയം ആവശ്യമാണ്.

സാത്താനെയും മത്സരമുള്ള മനുഷ്യപ്രകൃതത്തെയും മരണത്തെയുംകൂടാതെ രണ്ടു പ്രതിലോമ കാര്യങ്ങളോടും സഹസ്രാബ്ദത്തിന്റെ അവസാനമാകാതെ ഇടപെടുകയില്ല. ഒന്നാമതായി, പ്രതിലോമ കാര്യങ്ങളുടെ ഒരു അടയാളമായ സമുദ്രത്തെ സഹസ്രാബ്ദത്തിന്റെ അവസാനമാകാതെ പൂർണമായി നീക്കംചെയ്യുകയില്ല. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സമുദ്രം ഉണ്ടായിരിക്കുകയില്ല (വെളി. 21:1). രണ്ടാമതായി, രക്ഷിക്കപ്പെടാതെ മരിച്ചുപോയ എല്ലാവരെയും സഹസ്രാബ്ദത്തിന്റെ അവസാനമാകാതെ ന്യായംവിധിക്കുകയില്ല (വെളി. 20:11-15). സഹസ്രാബ്ദത്തിന്റെ അവസാനത്തിൽ, രക്ഷിക്കപ്പെടാത്ത മരിച്ചവരെ ഉയിർപ്പിക്കുകയും അവരുടെ നിത്യമായ ഭാഗധേയത്തിനായി വെള്ളസിംഹാസനത്തിൽവച്ച് ന്യായംവിധിക്കുകയും ചെയ്യും; ജീവപുസ്തകത്തിൽ പേരില്ലാത്ത എല്ലാവരെയും തീപ്പൊയ്കയിൽ തള്ളിക്കളയും. പഴയ ആകാശത്തിന്റെയും പഴയ ഭൂമിയുടെയും നീക്കംചെയ്യലിലെ അവസാനത്തെ കാര്യം ഇതായിരിക്കും. അതിനെത്തുടർന്ന്, പഴയ പ്രപഞ്ചം മുഴുവൻ അവസാനിക്കുകയും, പുതിയ യെരൂശലേമിനോടുകൂടെ പുതിയ പ്രപഞ്ചം ആനയിക്കപ്പെടുകയും ചെയ്യും. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സാത്താനോ, മത്സരിക്കുന്ന മനുഷ്യപ്രകൃതമോ, മരണമോ, സമുദ്രമോ മേലാൽ ഉണ്ടായിരിക്കുകയില്ല. കർത്താവിന്റെ രണ്ടാം വരവിന്റെ സമയത്ത് എല്ലാം ക്രമത്തിലാകുമെന്ന് വിശ്വസിക്കരുത്. പുതിയ യെരൂശലേമിനോടുകൂടെയുള്ള പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ആയിരിക്കുമ്പോൾ മാത്രമേ നമുക്ക് "ഹല്ലേലൂയ്യാ, ഇപ്പോൾ എല്ലാം ശരിയായിരിക്കുന്നു!" എന്നു ആർപ്പിടുവാൻ കഴിയുകയുള്ളൂ.

ഇന്നു സഭാജീവിതത്തിൽ നാം ശബ്ബത്തിൻ വിശ്രമം ആസ്വദിച്ചുകൊണ്ടിരിക്കുന്നു. ഇതു നല്ലതാണെങ്കിലും, കർത്താവിന്റെ മടങ്ങിവരവ് മേന്മയേറിയ ഒരു ശബ്ബത്തിനെ കൊണ്ടുവരുന്നതുകൊണ്ട് നാം അതിനുവേണ്ടി കാത്തിരിക്കുന്നു. ഈ ശബ്ബത്തിനെ "പുനഃസ്ഥാപനം" എന്നു വിളിക്കുന്നു (പ്രവൃ. 3:21, യവനഭാഷ). എന്നാൽ ഇതുപോലും ശ്രേഷ്ഠമായ, ആത്യന്തിക ശബ്ബത്തല്ല. സാത്താൻ, മത്സരിക്കുന്ന മനുഷ്യപ്രകൃതം, മരണം, സമുദ്രം, രക്ഷിക്കപ്പെടാതെ മരിച്ചവർ എന്നിവയോടെല്ലാം ഇടപെടേണ്ടതുണ്ട്.

ഒന്നാമത്തെ ശബ്ബത്ത് രണ്ടാമത്തേതിനെ കൊണ്ടുവരുകയും, രണ്ടാമത്തെ ശബ്ബത്ത് മൂന്നാമത്തേതിനെ കൊണ്ടുവരുകയും ചെയ്യും. സഭ രാജ്യത്തെ കൊണ്ടുവരുകയും, രാജ്യം പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും ആനയിക്കുകയും ചെയ്യും.

## XXI. വരുന്ന യുഗത്തിലെ ശിക്ഷണം

ഈ സമയത്ത് നാം കർത്താവിന്റെ ശിക്ഷണത്തെ പരിഗണിക്കേണ്ടതാവശ്യമാണ്. 1 കൊരിന്ത്യർ 11:32 പറയുന്നു, "എന്നാൽ ലോകത്തോടൊപ്പം കുറ്റം വിധിക്കപ്പെടാതിരിക്കേണ്ടതിന്, കർത്താവിനാൽ വിധിക്കപ്പെട്ടിട്ട് നാം ശിക്ഷണം ഏൽക്കുന്നു." നഷ്ടപ്പെടുന്നതിൽനിന്നും ശിക്ഷണം വ്യത്യസ്തമാണെന്ന് ഇവിടെ നാം കാണുന്നു. നിങ്ങൾ ഒരിക്കലും നഷ്ടപ്പെട്ടുപോകില്ലെങ്കിലും പ്രശ്നങ്ങളൊന്നും ഉണ്ടായിരിക്കുകയില്ലെന്നു ചിന്തിക്കരുത്. കർത്താവ് നിങ്ങൾക്ക് ശിക്ഷണം നൽകിയേക്കാം.

രക്ഷിക്കപ്പെട്ടതിനുശേഷം നാം നന്നായി പെരുമാറുന്നില്ലെങ്കിൽ, കർത്താവു നമ്മെ ശിക്ഷിക്കുമെന്ന് അടിസ്ഥാനപരമായ എല്ലാ ക്രിസ്ത്യാനികളും സമ്മതിക്കുന്നു. എന്നാൽ, കർത്താവിന്റെ ശിക്ഷണം ഈ യുഗത്തിൽ മാത്രമാണെന്നും, കർത്താവു മടങ്ങിവരുമ്പോൾ പിന്നീട് ശിക്ഷണം ഉണ്ടായിരിക്കുകയില്ലെന്നുമുള്ള കൃത്യമല്ലാത്ത ധാരണ അനേകരും പിടിച്ചുകൊള്ളുന്നു. എന്നാൽ ഇത് യുക്തിപരമല്ല. ഒരു യുവ സഹോദരൻ സഭാജീവിതത്തിൽനിന്നും വശീകരിക്കപ്പെട്ട് ലോകത്തിലേക്കു തിരിച്ചുപോകുകയും, അവന്റെ ശേഷിക്കുന്ന ജീവിതം പാപത്തിൽ കഴിയുകയും ചെയ്യുന്നുവെന്നു സങ്കല്പിക്കുക. അവൻ കർത്താവിനെ കണ്ടുമുട്ടുമ്പോൾ എല്ലാം ശരിയായിരിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇത് ഇങ്ങനെയായിരിക്കുമെന്ന് വിശുദ്ധ വചനത്തിൽനിന്ന് ഒരു സൂചനയും എനിക്ക് കണ്ടെത്തുവാൻ കഴിയുന്നില്ല. പാപത്തിൽ ജീവിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് മാനസാന്തരം കൂടാതെ കർത്താവ് മടങ്ങിവരുന്ന സമയത്ത് ഒരു പ്രശ്നവുമുണ്ടായിരിക്കയില്ലെന്നു പറയുന്ന ഒരു വാക്യം പോലുമില്ല. അതേസമയം, ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരെയും ഉയിർത്തെഴുന്നേറ്റ മരിച്ചുപോയ വിശുദ്ധന്മാരെയും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ മോശമോ നല്ലതോ ആയ പ്രതിഫലത്തിനായി ന്യായംവിധിക്കുമെന്നു പറയുന്ന നിരവധി വാക്യങ്ങളുണ്ട്. നല്ല പ്രതിഫലം ഒരു സമ്മാനമായിരിക്കുമെന്നതുപോലെ, മോശമായ പ്രതിഫലം തീർച്ചയായും ശിക്ഷണമോ ശിക്ഷയോ ആയിരിക്കും.

2 കൊരിന്ത്യർ 5:10 പറയുന്നു, "എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും,

താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു." ഈ ന്യായവിധി രക്ഷയ്ക്കോ നാശത്തിനോ വേണ്ടിയുള്ള വെള്ളസിംഹാസനത്തിലെ ന്യായവിധിയായിരിക്കുകയില്ല, മറിച്ച് ക്രിസ്തുവിന്റെ രണ്ടാം വരവിൽ സഹസ്രാബ്ദത്തിനു മുമ്പ് സമ്മാനത്തിനോ ശിക്ഷണത്തിനോ വേണ്ടിയുള്ള ന്യായവിധിയായിരിക്കും. ഈ വാക്യത്തിൽ പൗലൊസ് "നാം" എന്ന പദമുപയോഗിച്ചത് ഈ കാര്യത്തിൽ തന്നെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തെളിയിക്കുന്നു. "ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ" ഇന്നു നാം ചെയ്തുകൊണ്ടിരിക്കുന്നതിനെ പരാമർശിക്കുന്നു. 1 കൊരിന്ത്യർ 4:5 നമ്മോടു പറയുന്നു, "അതിനാൽ കർത്താവ് വരുന്നതുവരെ, സമയത്തിനു മുമ്പേ, ഒന്നും വിധിക്കരുത്, അവൻ ഇരുട്ടിന്റെ മറഞ്ഞിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ഹൃദയങ്ങളുടെ ആലോചനകളെ വെളിവാക്കുകയും ചെയ്യും, അപ്പോൾ ഓരോരുത്തന് ദൈവത്തിൽനിന്ന് പുകഴ്ച ഉണ്ടാകും." കർത്താവിന്റെ മടങ്ങിവരവിൽ നിങ്ങൾക്ക് ദൈവത്തിന്റെ പുകഴ്ച ഉണ്ടായിരിക്കുമോ അതോ ഇല്ലതിരിക്കുമോ? അത് നിങ്ങൾ രക്ഷപ്പെട്ടതിനുശേഷം എന്തു ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അവന്റെ മടങ്ങിവരവിന്റെ സമയത്ത്, കർത്താവ് തന്റെ ന്യായാസനം സ്ഥാപിക്കുകയും, ഉൾപ്രാപിതരും ഉയിർപ്പിക്കപ്പെട്ടവരുമായ എല്ലാ വിശുദ്ധന്മാരും കണക്കു ബോധിപ്പിക്കേണ്ടതിന് അവിടെ നിൽക്കുകയും ചെയ്യും.

ഇതേ കാര്യം റോമർ 14:10-12-ലും നാം കാണുന്നു: "നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുമല്ലോ, "കർത്താവ് പറയുന്നു, ഞാൻ ജീവിക്കുവോളം, എല്ലാ മുട്ടും എന്റെ മുമ്പാകെ മടങ്ങും, എല്ലാ നാവും ദൈവത്തിന് പരസ്യമായി ഏറ്റുപറയുകയും ചെയ്യും" എന്ന് എഴുതിയിരിക്കുന്നുവല്ലോ. അതിനാൽ നമ്മിൽ ഓരോരുത്തനും തന്നെക്കുറിച്ചുതന്നെ ദൈവത്തോട് കണക്ക് ബോധിപ്പിക്കും" (പ്രത്യുദ്ധാര ഭാഷ്യം). നാം അവിടെ നിൽക്കുകയും രക്ഷിക്കപ്പെട്ടതിനുശേഷം ചെയ്തിട്ടുള്ളതിന്റെ ഒരു കണക്കു ബോധിപ്പിക്കുകയും ചെയ്യും. നല്ലതോ ചീത്തയോ ആയ അർഹിക്കുന്ന പ്രതിഫലം സ്വീകരിക്കത്തക്കവണ്ണം നാം എന്തു ചെയ്തുവെന്ന് അവനോടു പറയുവാൻ കർത്താവ് നമ്മോട് ആവശ്യപ്പെടും. ഇത് ഗൗരവമുള്ളതാണ്, ഇതിനെക്കുറിച്ച് ഒരിക്കലും കേട്ടിട്ടില്ലാത്ത നിരവധി ക്രിസ്ത്യാനികളെ ഓർത്തു ഞാൻ ദുഃഖിക്കുന്നു. ഇക്കാര്യം നാം വ്യക്തമായി കാണുന്നില്ലെങ്കിൽ, ശബ്ബത്തിൻ വിശ്രമത്തെയും വരുവാനുള്ള യുഗത്തിൽ വിശ്വാസികളോടുള്ള കർത്താവിന്റെ ഇടപെടലിനെ സംബന്ധിച്ച എബ്രായലേഖനത്തിലെ അഞ്ചു മുന്നറിയിപ്പുകളെയും മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല.

Wed ➡

## XXII. മത്തായിയുടെ സുവിശേഷത്തിലെ പ്രതിഫലം

മത്തായിയുടെ സുവിശേഷവും പ്രതിഫലത്തെക്കുറിച്ചു പറയുന്നു. മത്തായിയുടെ സുവിശേഷം ഇന്നു നമുക്കു വേണ്ടിയുള്ളതല്ല എന്ന യുഗപരമായ ആശയം അംഗീകരിക്കരുത്. മത്തായിയുടെ സുവിശേഷം നമുക്കു വേണ്ടിയുള്ളതല്ലെങ്കിൽ, മത്തായി 1-ൽ രക്ഷകനായി ജനിച്ചവനും മത്തായി 11-ൽ വിശ്രമമായി അവതരിപ്പിക്കപ്പെട്ടവനുമായ യേശുവും നമുക്കു വേണ്ടിയുള്ളവനല്ല. ഇങ്ങനെ പറയുന്നത് എത്ര പരിഹാസ്യമാണ്! സഭ പണിയപ്പെടുമ്പോൾ രാജ്യം ആനയിക്കപ്പെടുമെന്ന് മത്തായി 16:18-19-ൽ നാം കാണുന്നു. മത്തായി 18:15-17 സ്ഥലപരമായ സഭാജീവിതത്തെ പരാമർശിക്കുന്നു: ഒരു സഹോദരൻ സഭ പറയുന്നതു കേൾക്കുന്നില്ലെങ്കിൽ, അവനെ ഒരു ചുങ്കക്കാരനായും പുറജാതിക്കാരനായും കണക്കാക്കണമെന്ന് അവിടെ പറയുന്നു. ഇതിനർഥം അവൻ സഭാജീവിതത്തിൽനിന്നു പുറത്താകുമെന്നാണ്. സഭാജീവിതത്തിൽനിന്നു പുറത്താകുകയെന്നാൽ മത്തായി 11:28-29-ൽ പറഞ്ഞിരിക്കുന്ന അവകാശം നഷ്ടപ്പെടുത്തുക എന്നാണ്. മത്തായി 11:28-ൽ കർത്താവ് പറഞ്ഞു, "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നല്കും." മത്തായി 11-ൽ നമുക്കു വിശ്രമം നൽകുന്ന "ഞാൻ" മത്തായി 16-ൽ സഭയിലേക്കു പോകുകയും, മത്തായി 18-ലെ സഭയിൽ തുടരുകയും ചെയ്യുന്നു. നമ്മുടെ വിശ്രമമായി നാം അവനെ ആസ്വദിക്കണമെങ്കിൽ, നാം സഭയിലേക്ക് അവനെ അനുഗമിക്കുകയും സഭയിൽ അവനോടുകൂടെ തുടരുകയും വേണം. നാം സഭ പറയുന്നതു കേൾക്കുന്നില്ലെങ്കിൽ, സഭാജീവിതത്തിൽനിന്ന് പുറത്താകുകയും വിശ്രമത്തിൽനിന്ന് പുറത്താകുകയും ചെയ്യും. മനുഷ്യപുത്രൻ ശബ്ബത്തിന്റെ കർത്താവാണെന്ന് മത്തായി 12:8 പറയുന്നു. വിശ്രമം ഉണ്ടായിരിക്കണമെങ്കിൽ നാം അവനോടുകൂടെയായിരിക്കണം. നാം സഭയുടെ വെളിയിലാണെങ്കിൽ, നാം ശബ്ബത്തില്ലാത്തവരാണ്.

മത്തായി 16:18-19 സഭയെയും രാജ്യത്തെയുംകുറിച്ചു സംസാരിക്കുമ്പോൾ, മത്തായി 16:27 പ്രതിഫലത്തെക്കുറിച്ചു പറയുന്നു. "എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും." ഈ വാക്യം അവിശ്വാസികളെയല്ല പരാമർശിക്കുന്നത്, കാരണം അവിശ്വാസികൾ കേവലം പാപികളാണ്, അവർ നല്ല പ്രതിഫലത്തിന് അർഹരല്ല. ഈ വാക്യം തീർച്ചയായും രണ്ടു തരത്തിലുള്ള പ്രതിഫലങ്ങളിൽ ഒന്നു സ്വീകരിക്കുന്ന വിശ്വാസികളെയാണ് പരാമർശിക്കുന്നത്: നല്ല

പ്രതിഫലമായി സമ്മാനം അല്ലെങ്കിൽ ഒരു മോശം പ്രതിഫലമായി ശിക്ഷ. യേശു രക്ഷകനും ഇമ്മാനുവേലും ആണെന്ന് മത്തായി 1 പറയുന്നു; "നിന്റെ രാജ്യം വരണമേ" എന്നു പ്രാർഥിക്കുവാൻ മത്തായി 6 പറയുന്നു; വിശ്രമത്തിനായി കർത്താവിന്റെ അടുക്കലേക്കു നാം വരണമെന്ന് മത്തായി 11 പറയുന്നു; യേശു ശബ്ബത്തിന്റെ കർത്താവാണെന്ന് മത്തായി 12 വെളിപ്പെടുത്തുന്നു; ക്രിസ്തുവിന്റെമേൽ സഭ പണിയപ്പെടുന്നുവെന്നും പണിയപ്പെട്ട സഭ മുഖാന്തരം രാജ്യം ആനയിക്കപ്പെടുന്നുവെന്നും മത്തായി 16 അനാവരണം ചെയ്യുന്നു; നാം ശരിയായ സഭാജീവിതത്തിൽ ആയിരിക്കണമെന്ന് മത്തായി 18 പറയുന്നു; നമുക്കു പ്രതിഫലം തരുവാൻ കർത്താവ് വരുമെന്ന് മത്തായി 16:27 മുന്നറിയിപ്പു നൽകുന്നു.

കർത്താവ് മടങ്ങിവരുമ്പോൾ അവൻ തന്റെ ദാസന്മാരിൽ ചിലരെ ശിക്ഷിക്കുമെന്ന് മത്തായി 25 നമുക്ക് ഗുരുതരമായ ഒരു മുന്നറിയിപ്പു നൽകുന്നു (വാ. 24-30). കർത്താവിനാൽ ശിക്ഷിക്കപ്പെടുന്ന ദാസന്മാർ വ്യാജ ക്രിസ്ത്യാനികളാണെന്ന് ചിലർ പറയുന്നു, എന്നാൽ ഇത് യുക്തിപരമല്ല. വ്യാജ ക്രിസ്ത്യാനികൾക്ക് കർത്താവിന്റെ ദാസന്മാരായിരിക്കുവാൻ എങ്ങനെ കഴിയും? ഒരു വ്യാജ ദാസനെ കർത്താവ് എങ്ങനെയാണ് ഒരു ദൗത്യം ഏല്പിക്കുന്നത്? ഈ വിഷയത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നതു തെറ്റാണ്. ഈ ദാസന്മാർ വ്യാജ ദാസന്മാരാണെന്ന് അവകാശപ്പെടുന്നവർ ഇതു പറയുവാൻ നിർബന്ധിതരാകുന്നു, കാരണം കർത്താവ് മടങ്ങിവരുന്നതിനുശേഷം തന്റെ ദാസന്മാരിൽ ആരെയും ശിക്ഷിക്കുമെന്ന് അവർ വിശ്വസിക്കുന്നില്ല. അവർ ഇങ്ങനെ വാദിക്കും, "രക്ഷിക്കപ്പെട്ട ഒരുവൻ കർത്താവു മടങ്ങിവരുമ്പോൾ ശിക്ഷിക്കപ്പെടുന്നതെങ്ങനെയാണ്? ഇതിനർഥം കർത്താവിന്റെ വീണ്ടെടുപ്പ് പൂർണമല്ല എന്നാണ്." എങ്കിലും, ഈ ജീവിതത്തിൽ ക്രിസ്ത്യാനികൾ നന്നായി പെരുമാറിയില്ലെങ്കിൽ കർത്താവ് അവരെ ശിക്ഷിക്കുമെന്ന് ഇതേ ആളുകൾ തന്നെയാണു പഠിപ്പിക്കുന്നത്. നാം അവരുടെ വാദത്തെ അവർക്കുനേരെ തിരിച്ചിട്ട് അവരോട് ചോദിക്കണം, "കർത്താവിന്റെ വീണ്ടെടുപ്പ് പൂർണമല്ലെന്ന് ഈ ശിക്ഷയും തെളിയിക്കുന്നില്ലേ?" വ്യത്യാസം സമയത്തിന്റെ കാര്യത്തിലാണ്. വരാനിരിക്കുന്ന യുഗത്തിലല്ല, ഈ യുഗത്തിൽ മാത്രമേ കർത്താവു തന്റെ ജനത്തെ ശിക്ഷിക്കുകയുള്ളൂ എന്നു പറയുന്ന വാക്യം എവിടെയാണ്? അങ്ങനെ ഒരു വാക്യമില്ല. എന്നാൽ കർത്താവു മടങ്ങിവരുമ്പോൾ അവൻ തന്റെ ദാസന്മാരിൽ ചിലരെ ശിക്ഷിക്കുമെന്നു പറയുന്ന നിരവധി വാക്യങ്ങളുണ്ട് (ലൂക്കൊ. 12:35-48, പ്രത്യേകിച്ചും 46-47; 19:11-26). കർത്താവു മടങ്ങിവരുമ്പോൾ അവൻ തന്റെ മടിയന്മാരായ ദാസന്മാരെ ശിക്ഷിക്കും.

അങ്ങനെയുള്ള ഒരു ശിക്ഷ ഉണ്ടായിരിക്കുകയില്ലെന്നു പറയുന്നവരോട് ഞാൻ ഈ ചോദ്യം ചോദിക്കുന്നു: കർത്താവു മടങ്ങിവരുന്നതിനുശേഷം യാതൊരു പ്രശ്നവുമില്ലെങ്കിൽ, പിന്നെ എന്തിനാണ് അവൻ നമ്മെ ന്യായംവിധിക്കേണ്ട ആവശ്യമുള്ളത്? എന്തിനു നാമെല്ലാവരും അവന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കണം? ന്യായാസനത്തിനു മുമ്പിൽ നിൽക്കുന്ന എല്ലാവരും ഒരു സമ്മാനം, ഒരു നല്ല പ്രതിഫലം സ്വീകരിക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? മടിയനായ ഒരു ദാസൻ എന്തുതരം പ്രതിഫലം സ്വീകരിക്കും - ഒരു കിരീടമോ? കർത്താവ് അവന് ഒരു കിരീടം നൽകിയാൽപോലും, അതു സ്വീകരിക്കുവാൻ അവൻ ലജ്ജിതനായിരിക്കും. രക്ഷിക്കപ്പെട്ടതിനുശേഷം നിങ്ങൾ പാപത്തിൽ ജീവിക്കുകയും ന്യായാസനത്തിൽവച്ച് കർത്താവു നിങ്ങൾക്ക് ഒരു കിരീടം തരുകയും ചെയ്താൽ നിങ്ങൾ അതു സ്വീകരിക്കുമോ? ചൂതാട്ടത്തിനും, മയക്കുമരുന്ന് ഉപയോഗിക്കുന്നതിനും, നിശാക്ലബ്ബുകളിൽ പങ്കെടുക്കുന്നതിനും സമയം ചെലവഴിച്ച ഒരു ക്രിസ്ത്യാനിക്ക് കർത്താവ് ഒരു കിരീടം നൽകുമെന്ന് പറയുന്നത് എത്ര പരിഹാസ്യമാണ്. ഒരുപക്ഷേ കർത്താവ് അങ്ങനെയുള്ള ഒരു വിശ്വാസിയോടു പറയും, "നീ മടിയനായ ഒരു ദാസനാണ്. നിനക്ക് ശിക്ഷണം ആവശ്യമാണ്." ഉയിർത്തെഴുന്നേൽക്കുമ്പോൾ എല്ലാം പരിഹരിക്കപ്പെടുമെന്നു ചിന്തിക്കരുത്. പുനരുത്ഥാനത്തിലൂടെ എല്ലാം പരിഹരിക്കപ്പെടുന്നില്ല എന്നതിന്റെ ഏറ്റവും ശക്തമായ തെളിവ്, പുനരുത്ഥാനത്തിനുശേഷം അവിശ്വാസികളായ മരിച്ചവരെല്ലാം അവരുടെ നിത്യമായ ഭാഗധേയത്തെ സംബന്ധിച്ച് ന്യായംവിധിക്കപ്പെടുവാൻ വെള്ളസിംഹാസനത്തിനു മുമ്പിൽ നിൽക്കും എന്ന വസ്തുതയാണ്.

പുതിയനിയമം വെളിപ്പെടുത്തുന്നതനുസരിച്ച്, കർത്താവിന്റെ ഹിതപ്രകാരം ജീവിക്കാത്ത എല്ലാ യഥാർഥ ക്രിസ്ത്യാനികളും ശിക്ഷണവിധേയരാകുകയോ, ഗുണീകരിക്കപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്യും. ഇതു നമുക്കു സംഭവിക്കുന്നത് ഈ യുഗത്തിലാണോ അടുത്തതിലാണോ എന്നു നമുക്കറിയില്ല. അറിയുന്നവൻ നമ്മുടെ ജ്ഞാനിയായ പിതാവു മാത്രമാണ്. മക്കൾ തെറ്റുകൾ ചെയ്ത ഉടനെ അവരോട് ഇടപെടുന്നത് ബുദ്ധിയല്ലെന്ന് അനേകം പിതാക്കന്മാരും മനസ്സിലാക്കുന്നു. മക്കൾക്കു ശിക്ഷണം നൽകുവാനുള്ള ശരിയായ സമയം തീരുമാനിക്കുവാൻ ജ്ഞാനിയായ ഒരു പിതാവിനു മാത്രമേ കഴിയൂ. എങ്കിലും, തത്ത്വം ഇതാണ്: ഒരു കുട്ടി തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ, അവൻ ശിക്ഷണവിധേയനാകണം. നാം പരിശുദ്ധാത്മാവിൽ മാത്രമല്ല (6:4), ദിവ്യ ശിക്ഷണത്തിലും പങ്കുകൊള്ളുന്നവരാണെന്ന് എബ്രായർ 12 വെളിപ്പെടുത്തുന്നു (12:8). നാം പിതാവിന്റെ പുത്രന്മാരായതിനാൽ അവൻ നമ്മെ തീർച്ചയായും ശിക്ഷണവിധേയരാക്കും. നമുക്ക്

ശിക്ഷണം നൽകുന്ന സമയം അവനിൽ നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ, ദൈവമക്കളായ നാം തെറ്റുകാരാണെങ്കിൽ, അവൻ തീർച്ചയായും നമ്മെ ശിക്ഷണവിധേയരാക്കും. നാം ഹ്രസ്വദൃഷ്ടിക്കാരായി ഇങ്ങനെ പറയരുത്, "കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഞാൻ ഒരു ശിക്ഷണവും അനുഭവിക്കാത്തതുകൊണ്ട് കർത്താവിനെ സ്തുതിക്കുന്നു." ക്രിസ്തു മടങ്ങിവരുമ്പോൾ ന്യായാസനത്തിൽവച്ച് നിങ്ങൾക്ക് ചില ശിക്ഷണം ലഭിച്ചേക്കും.

## A. പക്വതപ്പെട്ടവരുടെ രഹസ്യ ഉൾപ്രാപണം

നമ്മോടുള്ള ദൈവത്തിന്റെ ഇടപെടലുമായി ബന്ധപ്പെട്ട മറ്റൊരു അടിസ്ഥാന തത്ത്വം നാം ദൈവത്തിന്റെ വിളവാകുന്നു എന്നതാണ് (1 കൊരി. 3:9). ദൈവത്തിന്റെ വിളവെന്ന നിലയിൽ നാം പാകമാകണം, അഥവാ പക്വമാകണം (വെളി. 14:15). വയലിൽ വളരുന്ന ഗോതമ്പ് പാകമാകുന്നില്ലെങ്കിൽ, അതിനെ ഒരിക്കലും കളപ്പുരയിലേക്കു കൊണ്ടുപോകുകയില്ല; അതിനെ വയലിൽ വിട്ടേക്കും. നാം തെറ്റുകാരാണെങ്കിൽ, നാം ശിക്ഷണവിധേയരാകണം; നാം പാകമായില്ലെങ്കിൽ, പാകമാകുവാൻ നമ്മെ വയലിൽ ഉപേക്ഷിക്കണം. ഈ രണ്ടു തത്ത്വങ്ങളോട് ആർക്കും തർക്കിക്കുവാൻ കഴിയുകയില്ല.

ഈ രണ്ടു തത്ത്വങ്ങൾ മനസ്സിൽ വച്ചുകൊണ്ട് നമുക്ക് മത്തായി 24-ലും 25-ലും വരാം. ഒരർഥത്തിൽ കർത്താവ് രഹസ്യമായ ഒരു രീതിയിൽ വരുമെന്ന് മത്തായി 24 വെളിപ്പെടുത്തുന്നു, കാരണം അവൻ ഒരു കള്ളനെപ്പോലെ വരുമെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു (മത്താ. 24:42-43). ഒരു കള്ളനും പ്രകടമായ രീതിയിൽ വരുന്നില്ല. നാം ഒരുങ്ങിയിരിക്കണം എന്ന് മത്തായി 24:44 പറയുന്നു, "നിങ്ങൾ പ്രതീക്ഷിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതിനാൽ നിങ്ങളും ഒരുങ്ങിയിരിക്കുവിൻ." കള്ളൻ വരും എന്നു നാം ചിന്തിക്കുമ്പോൾ അവൻ വരുന്നില്ല, എന്നാൽ ഒരു കള്ളനും വരികയില്ലെന്നു ചിന്തിച്ചുകൊണ്ട് നാം സമാധാനത്തിലായിരിക്കുമ്പോൾ, അവൻ വരുന്നു. കർത്താവ് ഇതേ മുന്നറിയിപ്പ് വെളിപ്പാട് 3:3-ൽ സർദ്ദീസിലെ സഭയ്ക്കു നല്കി, "അതുകൊണ്ട് നീ ഉണർന്നിരിക്കുന്നില്ലെങ്കിൽ, ഞാൻ കള്ളനെപ്പോലെ വരും, ഏതു നാഴികയിൽ നിന്റെമേൽ വരുമെന്ന് നീ ഒരുവിധത്തിലും അറിയുകയില്ല."

മത്തായി 24:40-41 പറയുന്നു, "ഒരാൾ എടുക്കപ്പെടുന്നു, ഒരാൾ ഉപേക്ഷിക്കപ്പെടുന്നു." ഇത് സംശയലേശമെന്യേ രഹസ്യമായ ഉൾപ്രാപണത്തെ, പക്വതപ്പെട്ടവരായ ഒരുങ്ങിയിരിക്കുന്നവരെ പരാമർശിക്കുന്നു. ഒരു കള്ളൻ വരുന്നത് നിധികൾ, വിലയേറിയ വസ്തുക്കൾ മോഷ്ടിക്കുവാൻ മാത്രമാണ്; അവൻ ചവറ് മോഷ്ടിക്കുന്നില്ല. നാം കർത്താവിന്റെ ദൃഷ്ടിയിൽ ഒരു

നിധിയായിരിക്കണം. അവൻ വന്ന് നമ്മെ രഹസ്യമായി എടുക്കത്തക്കവണ്ണം നാം പക്വത പ്രാപിച്ച് വിലയേറിയവരായിരിക്കണം. ഇത് ഒരു ദിവസം സംഭവിക്കും. ഒരുപക്ഷേ ഒരു ചെറുപ്പക്കാരി പറയും, "കർത്താവിനെ വളരെയധികം സ്നേഹിച്ചിരുന്ന എന്റെ സുഹൃത്തിന് എന്തു സംഭവിച്ചുവെന്ന് എനിക്കറിയില്ല. അവൾ അപ്രത്യക്ഷയായിരിക്കുന്നു. അവൾ എവിടെ പോയി?" അങ്ങനെയുള്ളവൾ ഉൾപ്രാപിതയായിരിക്കുന്നു. ഒരു ഉൾപ്രാപണം മാത്രമേയുള്ളൂവെന്നും മഹാപീഡനത്തിനുമുമ്പ് സകല വിശുദ്ധന്മാരും ഒരേ സമയം എടുക്കപ്പെടുമെന്നുമുള്ള പഠിപ്പിക്കലിൽ വിശ്വസിക്കരുത്. ആ ധാരണ കൃത്യമല്ല. അതെ, ഭൂരിപക്ഷം വിശുദ്ധന്മാരും 1 തെസ്സലൊനീക്യർ 4:17 പ്രകാരം ഉൾപ്രാപിതരാകും, എന്നാൽ പക്വത പ്രാപിച്ചവർ മത്തായി 24:40-44 അനുസരിച്ച് രഹസ്യമായി എടുക്കപ്പെടും. കർത്താവിന്റെ വരവിന് രണ്ടു വശങ്ങളുണ്ട്: ഒന്നാമത്തേതായ രഹസ്യ സാന്നിധ്യവും, അതിനെ തുടർന്നുള്ള പരസ്യ പ്രത്യക്ഷതയും. 1 തെസ്സലൊനീക്യർ 4:15-17 "കർത്താവിന്റെ വരവിൽ ശേഷിക്കുന്നവരായ, ജീവിച്ചിരിക്കുന്ന നാം" എന്ന് ഇവരെക്കുറിച്ചു പറയുന്നു. ഇവിടെ നാം ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരുടെ രണ്ടു വിഭാഗങ്ങളെ കാണുന്നു: ജീവിച്ചിരുന്ന് എടുക്കപ്പെട്ട് കഴിഞ്ഞവരും, ജീവനോടെ ശേഷിക്കുന്നവരും. അതുപോലെ, മത്തായി 24-ൽ ജീവിച്ചിരിക്കുന്ന ഒരുവൻ എടുക്കപ്പെടുന്നു, മറ്റവൻ ഉപേക്ഷിക്കപ്പെടുന്നു.

Thu ➡

## B. പത്തു കന്യകമാരുടെ ഉപമ

മത്തായി 25:1-13-ൽ നമുക്ക് പത്തു കന്യകമാരുടെ ഉപമയുണ്ട്. മത്തായി 24-ൽ പറഞ്ഞിരിക്കുന്ന രണ്ടു വിശുദ്ധന്മാർ ജീവിച്ചിരിക്കുന്നവരാണ്, കാരണം അവർ വയലിൽ പണിയെടുക്കുകയും തിരികല്ലിൽ പൊടിക്കുകയും ചെയ്യുന്നു. എന്നാൽ, മത്തായി 25-ലെ പത്തു കന്യകമാർ ഉറങ്ങുന്നവരാണ്. ഇവിടെ ഉറങ്ങുക എന്നത് ഏതെങ്കിലും തരത്തിലുള്ള ആത്മിക ഉറക്കത്തെയല്ല, ശാരീരിക മരണത്തെയാണ് സൂചിപ്പിക്കുന്നത്. കർത്താവു തന്റെ മടങ്ങിവരവ് വൈകിപ്പിച്ചതിനാൽ, അനേകം വിശുദ്ധന്മാർ മരിച്ചിരിക്കുന്നു. പത്തെന്ന അക്കം സഭയുടെ എണ്ണമായ പന്ത്രണ്ടിന്റെ ഭൂരിഭാഗമാണ്. മത്തായി 25-ൽ പത്തിനെയും മത്തായി 24-ൽ രണ്ടിനെയും കാണാം. ഈ രണ്ടു സംഖ്യകളെയും ഒരുമിച്ചു കൂട്ടുമ്പോൾ, നമുക്ക് സഭാജനത്തിന്റെ മുഴുവൻ കൂട്ടവും ഉണ്ട്. കർത്താവിന്റെ മടങ്ങിവരവിന്റെ സമയത്ത്, സഭാജനത്തിലെ ഭൂരിഭാഗം ആളുകളും മരിച്ചിട്ടുണ്ടാകും; ഒരു ചെറിയ സംഖ്യ മാത്രമേ അപ്പോഴും ജീവിച്ചിരിക്കുകയുള്ളൂ. അതിനാൽ, പത്തു കന്യകമാർ മരിച്ചുപോയ വിശുദ്ധന്മാരെയും ജീവിച്ചിരിക്കുന്നവരായ രണ്ടുപേർ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരെയും പ്രതിനിധീകരിക്കുന്നു.

ഈ ഉപമയിലെ പത്തു കന്യകമാരും രക്ഷിക്കപ്പെട്ടവരാണ്. ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർ രക്ഷിക്കപ്പെട്ടിരുന്നില്ലെന്നു വിശ്വസിക്കരുത്. ബുദ്ധിയില്ലാതിരിക്കുന്നത് വ്യാജമാകുന്നതിൽനിന്നും വളരെ വ്യത്യസ്തമാണ്. ഉദാഹരണത്തിന്, ബുദ്ധിയില്ലാത്ത കുട്ടി വ്യാജമായ കുട്ടിയല്ല. അതിനാൽ, മത്തായി 25-ലെ ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരുമായ ഈ കന്യകമാരെല്ലാം രക്ഷിക്കപ്പെട്ടവരാണ്. ബുദ്ധിയുള്ളവരുടെയും ബുദ്ധിയില്ലാത്തവരുടെയും വിളക്കുകൾ പ്രകാശിക്കുന്നുണ്ടായിരുന്നു, എന്നാൽ ബുദ്ധിയില്ലാത്ത കന്യകമാർക്ക് ആവശ്യത്തിന് എണ്ണ ഉണ്ടായിരുന്നില്ല എന്നതാണ് പ്രശ്നം. മണവാളൻ വരുകയും കന്യകമാർ എഴുന്നേൽക്കുകയും ചെയ്തപ്പോൾ (ഇതിനർഥം അവർ ഉയിർത്തെഴുന്നേറ്റു എന്നാണ്), ബുദ്ധിയില്ലാത്ത കന്യകമാർക്ക് എണ്ണയുടെ അധിക പങ്ക് ഉണ്ടായിരുന്നില്ലെന്ന് അവർ കണ്ടെത്തി. കർത്താവിന്റെ ദീപം നമ്മുടെ ആത്മാവും (സദൃ. 20:27), എണ്ണയുടെ അധിക പങ്ക് നമ്മുടെ ദേഹിയിലുള്ള, നമ്മുടെ ആളത്തത്തിലുള്ള രൂപാന്തരപ്പെടുത്തുന്ന ദൈവാത്മാവും ആണ്. നമ്മുടെ മാനുഷിക ആളത്തമായ നമ്മുടെ ദേഹി ദൈവത്തിന്റെ പാത്രമാണ് (റോമ. 9:21, 23). നമ്മുടെ വിളക്കിൽ എണ്ണ ഉണ്ടായിരിക്കുകയെന്നാൽ നമ്മുടെ ആത്മാവിൽ ദൈവാത്മാവുണ്ടായിരിക്കുക എന്നാണർഥം. എന്നാൽ ബുദ്ധിയില്ലാത്ത കന്യകമാരുടെ ദേഹി ദൈവാത്മാവിന്റെ സാന്ദ്രീകരണത്താൽ ഒരിക്കലും രൂപാന്തരപ്പെട്ടില്ല. അവരുടെ പാത്രമായ അവരുടെ ദേഹിയിൽ അവർക്ക് ദൈവാത്മാവുണ്ടായിരുന്നില്ല. അതിനാൽ, അവർ രൂപാന്തരപ്പെടത്തക്കവണ്ണം ആത്മാവിന്റെ അധിക പങ്ക് അവരുടെ ദേഹിയിൽ നേടുന്നതിന് അവർ വില നൽകണമായിരുന്നു. ഇക്കാരണത്താലാണ് ബുദ്ധിയുള്ള കന്യകമാർ ബുദ്ധിയില്ലാത്തവരോട് ഇങ്ങനെ പറഞ്ഞത്, "നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ" (മത്താ. 25:9). ഇന്ന് നിങ്ങളുടെ ദേഹിയിൽ രൂപാന്തരപ്പെടുത്തുന്ന ആത്മാവിനെ നേടുവാൻ നിങ്ങൾ വില നൽകുന്നില്ലെങ്കിൽ, കർത്താവ് മടങ്ങിവരുമ്പോൾ നിങ്ങൾ അതു നൽകും.

ആത്മാവായ കർത്താവിനാൽ നമ്മുടെ ദേഹി രൂപാന്തരപ്പെടുവാൻ നാമെല്ലാവരും വില കൊടുക്കണം. 2 കൊരിന്ത്യർ 3:18 പറയുന്നു, " എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽനിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു" (യവനഭാഷ). രൂപാന്തരപ്പെടുത്തുന്ന ഈ ആത്മാവാണ് നമുക്കാവശ്യമായ എണ്ണയുടെ അധിക പങ്ക്. നമ്മുടെ ആത്മാവിലേക്കു വന്ന്, നമ്മുടെ

ആത്മാവിലെ വിളക്കു കത്തിക്കുന്ന ദൈവാത്മാവ് സൗജന്യമാണ്, വീണ്ടുംജനിച്ച ഓരോ വ്യക്തിയിലും അതുണ്ട്. എന്നാൽ നാം വീണ്ടും ജനിച്ചതിനുശേഷം, നമ്മുടെ ദേഹിയിൽ നാം രൂപാന്തരപ്പെടേണ്ട താവശ്യമാണ്. ഇതിന് നാം ഒരു വില നൽകണം. കർത്താവായ യേശുവിൽ വിശ്വസിക്കുകയും ആത്മാവിൽ വീണ്ടംജനിക്കുകയും ചെയ്ത അനേകരും ദൈവാത്മാവിനാൽ തങ്ങളുടെ ദേഹിയിൽ രൂപാന്തരപ്പെടേണ്ടതിന് വില കൊടുക്കുവാൻ മനസ്സുള്ളവരല്ല. കർത്താവിന്റെ ദീപമായ നമ്മുടെ ആത്മാവ് ദൈവാത്മാവിനാൽ പ്രകാശിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, നമ്മുടെ പാത്രമായ നമ്മുടെ ദേഹി ദൈവാത്മാവിനാൽ രൂപാന്തരപ്പെടേണ്ടതാവശ്യമാണ്. രൂപാന്തരപ്പെടുത്തുന്ന ആത്മാവ് നമ്മുടെ ദേഹിയിൽ ഉണ്ടാ യിരിക്കുന്നതിന് നാം വില നൽകണം. നാം ഈ യുഗത്തിൽ വില നൽകുന്നില്ലെങ്കിൽ, അടുത്ത യുഗത്തിൽ നാം അതു നൽകേണ്ടിവരും.

## XXIII. തന്റെ വിശ്വാസികളോട് ഇടപെടുന്നതിന് കർത്താവിന് വരാനിരിക്കുന്ന യുഗം ആവശ്യമാകുന്നു

കർത്താവ് മടങ്ങിവരുമ്പോൾ ദൈവോദ്ദേശ്യത്തെ സംബന്ധിച്ച സകലതും പൂർണമായി നിർവഹിക്കപ്പെടുമെന്നും, സഹസ്രാബ്ദം കർത്താവിന് തന്റെ വിശ്വാസികളോട് ഇടപെടുവാനുള്ള യുഗമാ യിരിക്കുകയില്ലെന്നുമുള്ള ധാരണ നിരവധി ക്രിസ്ത്യാനികൾ പിടിച്ചുകൊള്ളുന്നു. അവരുടെ ധാരണയനുസരിച്ച്, കർത്താവ് തന്റെ വിശ്വാസികളോട് ഇടപെടുന്നത് ഈ യുഗത്തിൽ മാത്രമാണ്, വരുന്ന യുഗത്തിൽ അവന് ഇടപെടുവാൻ യാതൊന്നും അവശേഷിക്കുന്നില്ല. ഈ അർഥത്തിൽ, ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിനുവേണ്ടി കർത്താവിന് കൂടുതലായൊന്നും ചെയ്യുവാൻ ആവശ്യമില്ലാതെ, സഹസ്രാബ്ദം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ആയിരിക്കണം. എന്നാൽ, നാം കണ്ടതുപോലെ, സഹസ്രാബ്ദം ദൈവം തന്റെ നിത്യോദ്ദേശ്യം നിർവഹിക്കുന്ന കാലഘട്ടത്തിന്റെ അവസാന ഭാഗമായിരിക്കും. ഈ യുഗവും വരാനിരിക്കുന്ന യുഗവും ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിനുവേണ്ടി വിശ്വാസികൾ പക്വത പ്രാപിക്കുകയും പൂർണമായി തികഞ്ഞവരാകുകയും ചെയ്യത്തക്കവണ്ണം കർത്താവിനു പ്രവർത്തിക്കുവാനും അവരോട് ഇടപെടുവാനുമുള്ള സമയമാണെന്ന് തിരുവെഴുത്തുകൾ വ്യക്തമായി വെളിപ്പെടുത്തുന്നു. ഈ യുഗത്തിൽ അവന് ഈ വേല നമ്മിൽ പൂർത്തിയാക്കുവാൻ കഴിയുന്നില്ലെങ്കിൽ, വരുന്ന യുഗത്തിൽ അവൻ അതു പൂർത്തിയാക്കും. ഇവയെല്ലാം അവന്റെ കൃപയുടെ വേലയോടുള്ള നമ്മുടെ പ്രതികരണത്തെ ആശ്രയി ച്ചിരിക്കുന്നു. നാം അവനുമായി സഹകരിക്കുമെങ്കിൽ, ഈ

യുഗത്തിൽ നമ്മെ തികഞ്ഞവരാക്കുവാനും പക്വതയുള്ളവരാക്കുവാനും അവൻ തീർച്ചയായും ഇഷ്ടപ്പെടും; അല്ലെങ്കിൽ, നമ്മുടെ മൂഢതയാൽ നമ്മോടുള്ള ഇടപെടൽ അടുത്ത യുഗത്തിലേക്കു നീട്ടിവയ്ക്കുവാൻ അവൻ നിർബന്ധിതനാകും. ഈ യുഗത്തിൽ നാം അവനെ അന്വേഷിക്കുവാനും അവന്റെ കൃപയുടെ പ്രവർത്തനത്തോട് പ്രതികരിക്കുവാനും വേണ്ടി ദൈവം തന്റെ ജ്ഞാനത്തിൽ സഹസ്രാബ്ദരാജ്യത്തോടുകൂടെയുള്ള അടുത്ത യുഗത്തെ ഒരു പ്രോത്സാഹനമെന്ന നിലയിൽ പ്രതിഫലത്തിന്റെ യുഗമായിരിക്കുവാൻ നിർണയിച്ചിരിക്കുന്നു. ഈ പ്രോത്സാഹനം സ്വീകരിക്കുവാൻ നാം മനസ്സുള്ളവരാണെങ്കിൽ, ഇന്നത്തെ ശബ്ബത്തിൻ വിശ്രമമായ സഭാജീവിതത്തിൽ നാം അവനെ ആസ്വദിക്കുകയും, വരുന്ന യുഗത്തിൽ ശബ്ബത്തിൻ വിശ്രമമായ സഹസ്രാബ്ദരാജ്യത്തിൽ അവനിൽനിന്നു പ്രതിഫലം നേടുകയും ചെയ്യും. എന്നാൽ ഈ പ്രോത്സാഹനത്തെ നാം അവഗണിക്കുന്നുവെങ്കിൽ, ഇന്നത്തെ ശബ്ബത്തിൻ വിശ്രമമായ സഭാജീവിതത്തിൽ അവനെ ആസ്വദിക്കുന്നത് നാം നഷ്ടപ്പെടുത്തുകയും, മേന്മയേറിയ ശബ്ബത്തിൻ വിശ്രമമായ സഹസ്രാബ്ദരാജ്യത്തിൽ അവനെ ആസ്വദിക്കുന്നതിന്റെ നഷ്ടത്തെക്കുറിച്ച് യാതൊന്നും പറയുവാൻ ഇല്ലാതെ വരുന്ന യുഗത്തിൽ നാം ശിക്ഷണവിധേയരാകുകയും ഗുണീകരിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും. തന്റെ വിശ്വാസികളുടെ പക്വതയ്ക്കും തികവിനും വേണ്ടി പ്രവർത്തിക്കുവാൻ ഇപ്പോഴത്തെ സഭായുഗം തീർച്ചയായും കർത്താവിന് വളരെ നിർണായകമാണ്. എങ്കിലും, ഈ യുഗത്തിൽ തന്റെ കൃപയുമായി സഹകരിക്കുവാൻ മനസ്സില്ലാത്ത തന്റെ വിശ്വാസികളോടുള്ള കർത്താവിന്റെ ഇടപെടലിനുവേണ്ടി വരാനിരിക്കുന്ന രാജ്യയുഗവും ആവശ്യമാണ്. ഇതുകൊണ്ടാണ് നമുക്കുവേണ്ടി ശേഷിപ്പിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ പരിശ്രമിക്കണമെന്ന് എബ്രായലേഖനം നമ്മെ പ്രോത്സാഹിപ്പിക്കുന്നത്.